26
ജൂലൈ 2023
ബുധൻ
Pages- 5
Vol. 2 Issue 173

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
542

## മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു

# സമാധാന നൈറ്റ് മാർച്ച്

## നാളെ തിരുവല്ലയിൽ



### തുടച്ചുനീക്കപെട്ട സോദോം നഗരം കണ്ടെത്തിയതായി ഗവേഷകർ

### നൈജീരിയയിൽ 37 ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തി

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ജൂലൈ 26 ബുധൻ



# ക്രൈസ്തവ നേതൃത്വത്തിന് ഓ. സിയിൽ നിന്ന് പഠിക്കാനുള്ളത്

**കേ**രളത്തിന്റെ മുൻ മുഖ്യമന്ത്രി ആയിരുന്ന പ്രിയങ്കരനായ ശ്രീ ഉമ്മൻ ചാണ്ടി (ഓ. സി) യുടെ നിര്യാണം കേരളരാഷ്ട്രീയത്തിൽ ഉണ്ടാക്കിയിട്ടുള്ള വിടവ് നികത്താനാവാത്തതാണ്. ഓ സി ക്ക് പകരം ഓ സി മാത്രം. അദ്ദേഹത്തിന്റെ സംസ്കാര ശുശ്രൂഷയും അതോടനുബന്ധിച്ചുള്ള വിലാപയാത്രയും ഗംഭീരമായ നിലയിൽ ക്രമീകരിക്കുകയും, കക്ഷി രാഷ്ട്രീയ, മത വിഭാഗീയതയ്ക്ക് അപ്പുറം നല്കാവുന്നതിൽ വച്ചേറ്റവും ഗംഭീരമായ ഒരു യാത്ര അയപ്പുമാണ് കേരള ജനത തനിക്ക് നൽകിയത്. തുടർന്ന് നടന്നുകൊണ്ടിരിക്കുന്ന അനുസ്മരണ സമ്മേളങ്ങളിലും, സാമൂഹ്യ മാധ്യമങ്ങളിലും, ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലടക്കം, ഓ, സി സമൂഹത്തിന് നൽകിയിട്ടുള്ള സംഭാവനകൾ, ജീവ കാരുണ്യ പ്രവർത്തനങ്ങൾ എല്ലാം ഓർത്തെടുക്കുന്നത് അഭിനന്ദനാർഹമായ കാര്യമാണ്. ക്രിസ്തീയ സമൂഹത്തിന് പ്രത്യേകിച്ച് ക്രിസ്തീയ നേതൃത്വത്തിന് അനുകരിക്കാൻ ഉതകുന്ന ഒട്ടനവധി മാതൃകകൾ നമുക്ക് മുമ്പിൽ അവശഷിപ്പിച്ചിട്ടാണ് അദ്ദേഹം കടന്നുപോയത്.

ലാളിത്യത്തിന്റെ ഉത്തമോദാഹരണമായിരുന്നു ശ്രീ ഉമ്മൻ ചാണ്ടി. ജീവിതത്തിന്റെ ഏത് തുറയിലുള്ളവർക്കും ഏത് സമയത്തും അദ്ദേഹത്തെ കാണാൻ കഴിയുമായിരുന്നു എന്നുള്ളത് എടുത്ത് പറയാതെ വയ്യ. താൻ അലങ്കരിച്ചിരുന്ന സ്ഥാനങ്ങളുടെ ഗരിമ അദ്ദേഹത്തിന്റ വ്യക്തിത്വത്തെ ലവലേശം സ്വാധീനിച്ചിട്ടില്ലായിരുന്നു എന്നതാണ് സത്യം. ഏത് പ്രായക്കാർക്കും ഏത് ജാതി മതസ്ഥനും, ഏത് പാർട്ടിക്കാരനും അദ്ദേഹം സമീപസ്ഥൻ ആയിരുന്നു. ക്രിസ്തീയ സമൂഹത്തിൽ, ഏതെങ്കിലും ചെറിയ സ്ഥാനമാനങ്ങൾ ലഭിക്കുമ്പോൾ അധികാരം തലക്ക് പിടിച്ച് വശായിട്ടുള്ളവർക്ക് എക്കാലത്തും ഒരു വെല്ലുവിളിയാണ് ഓ. സി യുടെ ജീവിതം.

വ്യക്തിപരമായി ദുരാരോപണങ്ങൾ തനിക്കെതിരെ ഉണ്ടായപ്പോഴും അത് ഉന്നയിച്ചവർക്ക് എതിരെ നടപടികൾക്ക് ഓ. സി മുതിർന്നില്ല എന്നു മാത്രമല്ല, ശാരീരികമായി തന്നെ ഉപദ്രവിച്ചവരോട് ക്ഷമിക്കാൻ തയ്യാറായതിനും കേരള സമൂഹം സാക്ഷിയായി. അത്തരംസാഹചര്യത്തിൽ ഒരു സംസ്ഥാനത്തിന്റ മുഖ്യമന്ത്രി ആയിരിക്കെപ്പോലും, തന്നെ അക്രമിച്ചവർക്കെതിരെ പോലീസിനെയോ നിയമ വ്യവസ്ഥയെയോ ഒക്കെ ഉപയോഗിച്ച് പ്രതികാരം തീർക്കുകയോ മറ്റോ ചെയ്യാതെ നിരുപാധികം ക്ഷമിച്ചതും കേരളം കണ്ടു. ക്രൈസ്തവ സമൂഹം പീഢനം നേരിടുമ്പോൾ പീഢിപ്പിക്കുന്നവരെ, രാജ്യത്തെ നിയമ വ്യവസ്ഥകൾ ഉപയോഗിച്ച് ശക്തമായി നേരിടണം എന്ന് വാദിക്കുന്ന ക്രൈസ്തവരുള്ള നാട്ടിലാണ് ഇതെന്നോർക്കണം. അത്തരം കാര്യങ്ങൾ തെറ്റാണ് എന്നല്ല പറഞ്ഞുവരുന്നത്. മറിച്ച് ശ്രീ ഉമ്മൻചാണ്ടിയുടെ നിലപാടുകൾ ഒരുനല്ല പരിധിവരെ ക്രിസ്തു പക്ഷമായിട്ടുള്ളതായിരുന്നു എന്നാണ്. അദ്ദേഹത്തിന് ശാരീരിക ഉപദ്രവം നേരിട്ടപ്പോൾ അതിനോട് പ്രതികരിക്കാൻ തന്റെ പാർട്ടി കേരളത്തിൽ ഒരു ഹർത്താലിന് ആഹ്വാനം ചെയ്തപ്പോഴും അതിനോട് യോജിപ്പ് കാണിക്കാത്ത ആളായിരുന്നു ഓ. സി. മറ്റ് ചില പാർട്ടികൾ ആയിരുന്നു എങ്കിൽ കേരളം നിന്ന് കത്തുമായിരുന്നു എന്നതിന് രണ്ട് പക്ഷമില്ല.

ശ്രീ ഉമ്മൻ ചാണ്ടിയുടെ ദൈവ വിശ്വാസം എടുത്ത് പറയേണ്ടത് തന്നെയാണ്. എത്ര വൈകിയാലും ഞായറാഴ്ചകളിൽ പുതുപ്പള്ളിയിൽ എത്തി അദ്ദേഹം മുറുകെ പിടിച്ചിരുന്ന വിശ്വാസത്തിന് അനുസരിച്ച് ദേവാലയത്തിൽ പോവുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നതും മലയാളികൾ കണ്ടതാണ്. ഒരുവേള താൻ ഉൾപ്പെട്ടുനിന്ന സമൂഹം തനിക്കെതിരെ തിരിഞ്ഞപ്പോഴും ആ പതിവ് മുടക്കിയിരുന്നില്ലത്രേ.


ജനങ്ങൾക്കിടയിൽ ജീവിച്ചപ്പോഴും സ്വന്ത കുടുംബത്തെ മറക്കാതെ അവരെ സ്നേഹിച്ച ഒരു നല്ല ഭർത്താവും പിതാവും ഒക്കെ ആയിരുന്നു ഉമ്മൻ ചാണ്ടി. അപ്പോൾത്തന്നെ അധികാരം ഉപയോഗിച്ച്, ധന സമ്പാദനം നടത്തുകയോ, സർക്കാർ ജോലികളിലും, പാർട്ടി സ്ഥാനങ്ങളിലേക്കും മറ്റും സ്വന്തക്കാരെ തിരുകി കയറ്റാനോ ഉള്ള അനാവശ്യ ഇടപടെടലുകളും നടത്തിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. അമ്പതിലധികം വർഷം പൊതുപ്രവർത്തനം നടത്തിയ ഓ. സി, അദ്ദേഹത്തിനായി പണിത വീടിന്റെ പൂർത്തീകരണം കാണാതെയാണ് യാത്രയായത്. പൊതുമുതൽ സ്വന്തമാക്കാൻ തത്രപ്പെടുന്ന ക്രൈസ്തവ നേതാക്കന്മാരുള്ളിടത്താണിത്.

സഹായം അഭ്യർത്ഥിച്ച് വന്നവരിൽ ബഹുപൂരിപക്ഷത്തിനെയും സഹായിക്കാൻ ഉത്തരവാദിത്വങ്ങൾക്ക് അതീതമായി ഓ. സി ശ്രമിച്ചിരുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരോട് ചേർന്ന് നിൽക്കുകയും, ആവശ്യക്കാർക്ക് അത്താണിയായി നിന്നതും അടക്കം അദ്ദേഹത്തിന് ഉണ്ടായിരുന്ന നല്ല ഗുണങ്ങൾ ഏതൊരു ക്രിസ്ത്യാനിക്കും ജീവിതത്തിൽ അനുകരിക്കാവുന്നതാണ്.



സജി വർഗ്ഗീസ്, മണിയാർ

# ടാൻസാനിയയിൽ വൈദികൻ കൊല്ലപ്പെട്ടു



എംബുലു : ടാൻസാനിയയിലെ എംബുലു രൂപതയിൽ ദേവാലയത്തിന്റെ വികാരിയായ വൈദികൻ കൊല്ലപ്പെട്ടു. ഫാ. പംഫീലി നാട എന്ന വൈദികനാണ് കൊല്ലപ്പെട്ടത്. ലിയോനാർഡ് എന്ന വ്യക്തി, ഫാ. പംഫീലി തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ദേവാലയത്തിൽ എത്തുകയും ഭാരമുള്ള ഒരു ആയുധം കൊണ്ട് അദ്ദേഹത്തെ കൊലപ്പെടുത്തുകയുമായിരുന്നു. ദേവാലയത്തിന്റെ സുരക്ഷാ ചുമതല ഉണ്ടായിരുന്നവർ ആദ്യം ലിയോനാർഡിനെ തടഞ്ഞിരുന്നെങ്കിലും, ഫാ. പംഫീലിയുടെ നിർദ്ദേശപ്രകാരം അയാളെ അകത്തേക്ക് കടത്തിവിടുകയായിരുന്നു. പിന്നാലെ സംഭവം അറിഞ്ഞ് പുറത്തുനിന്ന് എത്തിയ അക്രമാസക്തരായ ജനക്കൂട്ടം ലിയോനാർഡിനെ കൊലപ്പെടുത്തിയെന്ന് റിപ്പോർട്ട് ചെയ്തു.

ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതു വഴിയാണ് ഫാ. പംഫീലി മരണമടഞ്ഞത്. അടിയുറച്ച വിശ്വാസത്തിനും, സമർപ്പണത്തിനും പേരുകേട്ട ആത്മീയ പിതാവ് ആയിരുന്നു ഫാ. പംഫീലി നാടയെന്ന് ബിഷപ്പ് ഗാസ്പെർ പറഞ്ഞു. തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ അദ്ദേഹത്തിന് ഉത്സാഹവും, ധീരതയും, പ്രതിബന്ധതയും ഉണ്ടായിരുന്നു ബിഷപ്പ് തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

## പി. വൈ പി. എ. സഹായ പദ്ധതി ആരംഭിച്ചു

കോട്ടയം : നിർദ്ധന രോഗികൾക്ക് വേണ്ടി കോട്ടയം നോർത്ത് സെന്റർ പി വൈ പി എ യുടെ 'സാന്ത്വനം' സഹായ പദ്ധതി ആരംഭിച്ചു. സംസ്ഥാന പി.വൈ പി എ ജനറൽ സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ ഉത്ഘാടനം നിർവഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ മുഖ്യ സന്ദേശം നൽകി. ജില്ലാ പ്രസിഡന്റ് ജോമോൻ ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പി.ടി.അലക്സാണ്ടർ. ഐപ്പ് സി.കുര്യൻ. എന്നിവർ പ്രസംഗിച്ചു.

# എ. ജി. 27–ാമത് ഫാമിലി കോൺഫറൻസ് കാനഡയിൽ

ഫിലദൽഫിയ : അസംബ്ലീസ് ഓഫ് ഗോഡ് അമേരിക്കയിലും കാനഡയിലുമുള്ള സഭകളുടെ ഫാമിലി കോൺഫ്രൻസ് 2025 ൽ കാനഡയിലെ ടൊറോൻടോയിൽ നടക്കും. 2025 ജൂലൈ ജൂലൈ 3,4,5,6 തിയതികളിലായി നടക്കുന്ന 27ാമത് കോൺഫ്രൻസിന്റെ ജനറൽ കൺവീനറായി ടൊറോന്റോയിലെ ഇന്റർനാഷണൽ റിവൈവൽ സഭാ സ്ഥാപകനും സീനിയർ പാസ്റ്ററുമായ റവ.ജോൺ തോമസും ജനറൽ സെക്രട്ടറിയായി ഡോ. തോംസൺ കെ.പള്ളിലും (ന്യൂയോർക്ക്) നാഷണൽ ജനറൽ ട്രഷറായി റവ. ജോസഫ് മാത്യുവും (കാൽഗറി) തിരഞ്ഞെടുക്കപ്പെട്ടു.

# കേരളതീരത്ത് ഇന്ന് രൂക്ഷമായ കടലാക്രമണ ഭീഷണി

കൊച്ചി: കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 2.5 മുതൽ 2.9 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തെക്കൻ തമിഴ്നാട് തീരത്ത് 01.30 മുതൽ രാത്രി 11.30 വരെ 1.5 മുതൽ 2.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# കേന്ദ്ര സർക്കാറിനെതിരെ അവിശ്വാസ പ്രമേയ നോട്ടീസ് നൽകി 'ഇന്ത്യ'

ന്യൂഡൽഹി : മണിപ്പൂർ വിഷയത്തിൽ കേന്ദ്രസർക്കാറിനെതിരെ അവിശ്വാസ പ്രമേയ നോട്ടീസ് നല്കി ഇന്ത്യൻ നാഷണൽ ഡെവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ്. എം പി ഗൗരവ് ഗൊഗോയിയാണ് പ്രതിപക്ഷ ഐക്യമുന്നണിയായ ഇന്ത്യക്ക് വേണ്ടി ലോക്സഭയിൽ നോട്ടീസ് നൽകിയിരിക്കുന്നത്. നോട്ടീസ് ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് രാവിലെ 9 .20 നു സ്വീകരിച്ചു. ചട്ടങ്ങൾക്കനുസരിച്ച് എല്ലാ കക്ഷികളുമായും ഇക്കാര്യം ചർച്ച ചെയ്യുമെന്നും ബിർള പറഞ്ഞു. ചട്ടം അനുസരിച്ച്, രാവിലെ 10 മണിക്ക് മുമ്പ് സമർപ്പിച്ച അവിശ്വാസ നോട്ടീസ് അതേ ദിവസം തന്നെ പരിഗണിക്കേണ്ടതാണ്.



മണിപ്പൂർ വിഷയത്തിൽ പ്രധാനമന്ത്രി മോദി പ്രസ്താവന നടത്തണമെന്നും പ്രസ്താവനയോടെ പാർലമെന്റിൽ വിശദ ചർച്ച വേണമെന്ന ഉറച്ച നിലപാടിലാണ് പ്രതിപക്ഷം. സർക്കാറിനെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവന്ന സാഹചര്യത്തിൽ പ്രധാനമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്താൻ നിർബന്ധിതനാകും. ഇതു കണക്കിലെടുത്താണ് അവിശ്വാസ പ്രമേയം കൊണ്ടുവരാൻ പ്രതിപക്ഷ മുന്നണി തീരുമാനിച്ചത്. അവിശ്വാസ പ്രമേയം അവതരിപ്പിക്കണമെങ്കിൽ ലോക്സഭയിലെ അമ്പത് എംപിമാരുടെ പിന്തുണ വേണം. ചട്ടം 198 അനുസരിച്ച് സർക്കാരിന് വേണമെങ്കിൽ ലോക്സഭയിൽ അവിശ്വാസ പ്രമേയത്തിന്റെ പ്രസക്തി ചോദ്യം ചെയ്യാവുന്നതായിരുന്നു. സർക്കാർ അതിന് തയാറായില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 50 അംഗങ്ങളുടെ പിന്തുണ അവിശ്വാസ പ്രമേയത്തിനുണ്ടെന്ന് സ്പീക്കർ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസിന് അനുമതി നൽകിയത്.

മണിപ്പൂരിൽ ഇന്റർനെറ്റ് ഭാഗികമായി പുനഃസ്ഥാപിച്ചു ;

## മൊബൈൽ നെറ്റ് നിരോധം തുടരുന്നു

ഇംഫാൽ: മണിപ്പൂരിൽ ഇന്റർനെറ്റിനുള്ള നിരോധനം ഭാഗികമായി നീക്കി. സംസ്ഥാന സർക്കാരാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. സ്റ്റാറ്റിക് ഐപി കണക്ഷൻ ഉള്ളവർക്ക് നിയന്ത്രിതമായ അളവിൽ ഇന്റർനെറ്റ് ഉപയോഗിക്കാൻ സാധിക്കും. ബ്രോഡ്ബാന്റ് കണക്ഷനുകൾക്ക് മാത്രമാണ് നിരോധനമില്ലാത്തത്. അതേസമയം മൊബൈൽ ഇന്റർനെറ്റിനുള്ള നിരോധനം തുടരുകയാണ്.

രണ്ട് മാസത്തിൽ അധികമായി മണിപ്പൂരിൽ ഇന്റർനെറ്റിന് സർക്കാർ നിരോധനമേർപ്പെടുത്തിയിരുന്നു. സോഷ്യൽ മീഡിയക്കുള്ള നിരോധനം നീക്കിയിട്ടില്ല. മെയ്തികളും കുക്കികളും തമ്മിൽ ഏറ്റുമുട്ടൽ ആരംഭിച്ചതിനെ തുടർന്നാണ് ഇന്റർനെറ്റിന് നിരോധനം ഏർപ്പെടുത്തിയത്. സ്റ്റാറ്റിക് ഐപിയല്ലാത്ത ഒരു കണക്ഷനും ലഭ്യമാകില്ലെന്ന് സർക്കാർ അറിയിച്ചു. മറ്റേതെങ്കിലും കണക്ഷനുകൾ പ്രകാരം ഏതെങ്കിലും ആളുകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നുണ്ടെങ്കിൽ സർവീസ് ദാതാക്കളായിരിക്കും ഉത്തരവാദികൾ.

ഒരു ഡിവൈസിൽ സ്റ്റാറ്റിക് ഐപി ഉപയോഗിക്കുമ്പോൾ അതിനെ നിരീക്ഷിക്കാൻ സർക്കാരിന് എളുപ്പമാണ്. സ്റ്റാറ്റിക് ഐപിയിൽ യൂനീക്ക് അഡ്രസ്സ് മാറില്ല. ഡൈനാമിക് ഐപി അഡ്രസ്സുകളാണ് മിക്ക കമ്പ്യൂട്ടറുകളും പിന്തുടരുന്നത്. വളരെ നിയന്ത്രിതമായ അളവിൽ മാത്രമേ ഇന്റർനെറ്റ് മണിപ്പൂരിൽ ലഭ്യമാവൂ എന്ന് ഇതിലൂടെ സർക്കാരിന് ഉറപ്പിക്കാം. വൈഫൈ ഹോട്ട്സ്പോട്ടുകളും അനുവദനീയമല്ല.

ഇന്റർനെറ്റ് യൂസർമാരോട് വിപിഎൻ ഉപയോഗിക്കരുതെന്നും, പുതിയവ ഇൻസ്റ്റാൾ ചെയ്യരുതെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. മണിപ്പൂർ വിഷയത്തിൽ പാർലമെന്റ് തുടർച്ചയായ നാലാം ദിവസം പ്രക്ഷുബ്ധം. പ്രധാനമന്ത്രി നരേന്ദ്ര മോദി സഭയിൽ പ്രസ്താവന നടത്തില്ലെന്നാണ് കേന്ദ്ര സർക്കാർ നിലപാട്. ചർച്ചകൾക്ക് തയ്യാറാണെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

## ഗ്ലോറിയ ഫെലോഷിപ്പിന്റെആഭിമുഖ്യത്തിൽ മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥന

തൃശ്ശൂർ: ഗ്ലോറിയ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിലെ പെന്തെക്കോസ്ത് സമൂഹം മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനജൂലൈ 30 ഞായർ വൈകിട്ട് 6 മണി മുതൽ തൃശ്ശൂർ മിഷൻ കോട്ടേഴ്സ് ഫുൾ ഗോസ്പൽ ചർച്ച് ഹാളിൽ നടക്കും. കലാപ സമയങ്ങളിൽ പലവട്ടം മണിപ്പൂരിൽ പോകുകയും നേരിട്ട് അവിടത്തെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അത് ലോകത്തോട് അറിയിക്കുകയും ചെയ്ത റവ. ജോൺസൺ തേക്കടയിൽ (നിലമ്പൂർ) അനുഭവങ്ങൾ പങ്കുവെയ്ക്കും. പ്രാർത്ഥന സമ്മേളനത്തിൽ തൃശൂരിലെ വിവിധ ആത്മീയ നേതൃത്വങ്ങൾ പങ്കെടുക്കും. പാസ്റ്റർ റോയി ചെറിയാൻ ,ടോണി ഡി. ചൊവ്വൂക്കാരൻ ,പാസ്റ്റർ എ.സി ജോസ്, പാസ്റ്റർ സി. വി ലാസർ, പാസ്റ്റർ ബെൻ റോജർ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക്: 9446134440, 9847905863

# മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു സമാധാന നൈറ്റ് മാർച്ച് നാളെ തിരുവല്ലയിൽ

തിരുവല്ല : മനസ്സാക്ഷി മരവിക്കുന്ന സംഭവങ്ങളിലൂടെ മണിപ്പൂരിനെ പിച്ചിച്ചീന്തിയ നരാധമന്മാർക്കെതിരെയും മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടും വിവിധ ക്രൈസ്തവസഭകളുടെ സഹകരണത്തോടെ നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് സംഘടിപ്പിക്കുന്ന ഐക്യദാർഢ്യ സാമാധാന നൈറ്റ് മാർച്ച് നാളെ തിരുവല്ല പട്ടണത്തിൽ നടക്കും.
മെഴുകുതിരിയുമേന്തി നാളെ വൈകിട്ട് 6.30ന് തുകലശേരി സെന്റ് തോമസ് സിഎസ്ഐ പള്ളി അങ്കണത്തിൽ നിന്നും തുടങ്ങുന്ന നൈറ്റ് മാർച്ച് ബൈപ്പാസ് വഴി ടൗൺ ചുറ്റി സെന്റ് ജോൺസ് കത്തീഡ്രൽ പള്ളി അങ്കണത്തിൽ സമാപിക്കും. ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രപ്പൊലീത്ത, ആർച്ച് ബിഷപ്പ് ഡോ.തോമസ് മാർ കുറിലോസ്, ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്ത, ബിഷപ്പ് തോമസ് സാമുവേൽ, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത, ഡോ. ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പൊലീത്ത, മാത്യൂസ് മാർ സിൽവാനിയോസ് എപ്പിസ്കോപ്പ, മേജർ ഒ.പി.ജോൺ, പാസ്റ്റർമാരായ രാജു പുവക്കാല, ജെ. ജോസഫ് എന്നിവർ നേതൃത്വം നൽകും. കൂടാതെ വിവിധ സഭാവിഭാഗങ്ങളിലെ വൈദീകരും, പാസ്റ്റർമാരും, വിശ്വാസ സമൂഹവും പങ്കെടുക്കും. എം സി റോഡിൽ ചെങ്ങന്നൂർ ഭാഗത്ത് (തെക്ക്) നിന്നും വരുന്ന വാഹനങ്ങൾ സിഎംഎസ് സ്കൂൾ ഗ്രൗണ്ടിലും തിരുവല്ല ഭാഗത്ത് (വടക്ക്) നിന്നും വരുന്ന വാഹനങ്ങൾ സെന്റ് തോമസ് പള്ളിയുടെ സമീപമുള്ള ഗ്രൗണ്ടിലും പാർക്ക് ചെയ്യേണ്ടതാണ്.
സെന്റ് ജോൺസ് കത്തീഡ്രലിൽ എത്തുന്നവരെ തിരികെ തുകലശേരിയിൽ കൊണ്ടുവരുവാൻ വാഹന സൗകര്യം ക്രമികരിച്ചിട്ടുണ്ടെന്ന് എൻസിഎംജെ സംസ്ഥാന സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട്, നൈറ്റ് മാർച്ച് ചെയർമാൻ റവ. അലക്സ് പി. ഉമ്മൻ എന്നിവർ അറിയിച്ചു.
ഫോൺ : 9446392303

## പെറ്റമ്മ മറക്കുമോ?
# അപ്പന് കരുണ തോന്നാതിരിക്കുമോ...?





ജീമോൻ മേക്കാട്ട്

ദൈവ വചനം ചോദിക്കുന്നു,
ഒരു അമ്മ തന്റെ കുഞ്ഞിനെ മറക്കുമോ?. 'മറക്കും', അല്ലെങ്കിൽ, 'ഇല്ല' എന്ന രണ്ടു ഉത്തരവും നമുക്ക് നൽകാൻ കഴിയും. അഥവാ മറന്നാലും മറക്കാത്ത ഞാൻ കൂടെയുണ്ട് എന്ന് ദൈവം പറയുമ്പോൾ ഒരു പക്ഷെ സാഹചര്യങ്ങളുടെ സമ്മർദ്ധത്തിൽ മറക്കാം എന്ന ഒരു ധ്വനി അതിലില്ലേ ? ലോകത്തിൽ ദിനം പ്രതി അതു നാം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നോക്കൂ, കരളലിയിക്കുന്ന ഒരു ചിത്രം പത്ര മാധ്യമങ്ങളിൽ പണ്ട് നിറഞ്ഞു നിന്നിരുന്നു. തെരുവിൽ കുപ്പത്തൊട്ടിയിൽ ഉപേക്ഷിക്കപ്പെട്ട ചോര കുഞ്ഞിനെ തന്റെ പല്ലുകൾ കൊള്ളാതെ കടിച്ചെടുത്തു അടുത്തുള്ള വീടിന്റെ വാതിലിൽ കൊണ്ടുവെച്ച ഒരു തെരുവ് നായയുടെയും ചോര കുഞ്ഞിന്റെയും ചിത്രം.
'അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ' തന്റെ ഭക്തമാരോട് ദൈവത്തിനു കരുണ തോന്നുന്നു എന്ന് ദൈവം മനുഷ്യനോട് ഉപമിച്ചു പറയുമ്പോൾ, ഈ നായ്ക്ക് തോന്നിയ കരുണ എന്തേ ബുദ്ധിയും വിവേകവുമുള്ള മനുഷ്യന് തോനിയില്ല?. സാഹചര്യത്തിന്റെ സമ്മർദ്ധത്തിൽ മാതാപിതാക്കൾക്ക് ചോരകുഞ്ഞിനെ നിഷ്കരുണം ഉപേക്ഷിക്കേണ്ടിവരുന്നു .

പെറ്റമ്മ മറക്കുമോ? അപ്പന് കരുണ തോന്നാരിക്കുമോ? എന്ന ദൈവീക ചോദ്യത്തിന്റെ ആധികാരിക ത ഇവിടെയാണ് വെളിപ്പെടുന്നത്. മനുഷ്യത്വത്തിൽ അതിനു സാധ്യത ഇല്ല എന്നിരുന്നാലും, ആനുകാലിക വാർത്തകൾ നമ്മെ ഓർപ്പിക്കുന്നത് ഒരു അമ്മ തന്റെ കുഞ്ഞിനെ മറക്കുന്നു അപ്പന്റെ കരുണ നഷ്ടപ്പെടുന്നു എന്നതു തന്നെയാണ്. ഇവിടെയാണ് നാം ദൈവത്തിന്റെ കരുതൽ കാണുന്നത്.
'ഞാൻ നിന്നെ ഒരുനാളും കൈവിടുകയുമില്ല ഉപേക്ഷിക്കയുമില്ല' നോക്കൂ ഒരു വശത്ത് സ്വന്തം പെറ്റമ്മ ചവറ് കൂനയിൽ വലിച്ചെറിഞ്ഞ സ്വന്തം കുഞ്ഞ്. മറുവശത്ത് സ്വന്തം കുഞ്ഞിന്റെ നിശ്ചല ശരീരം വാരിപ്പുണർന്ന് വിലപിക്കുന്ന തിരിച്ചറിവില്ലാത്ത മൃഗം... മനുഷ്യരേക്കാൾ മൃഗങ്ങൾ എത്ര മനസ്സലിവുള്ളവ എന്ന് തെളിയിക്കാൻ ഇതിലേറെ എന്തുവേണം മനുഷ്യന് ?
ഒരമ്മ തന്റെ കുഞ്ഞിനെ മറക്കുമോ? അപ്പന്റെ കരുണ ഇല്ലാതാകുമോ എന്ന് ദൈവം ചോദിച്ചെങ്കിൽ വിവേകം നശിച്ച മനുഷ്യനിൽ അതുണ്ടാകുമെന്ന് ദൈവത്തിന് നന്നായി അറിയാം. 'മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനൻ ആയാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യൻ..' എന്ന് വചനം നമ്മെ ഓർമിപ്പിക്കുന്നു.
ചിന്തിക്കൂ, പെറ്റമ്മയേക്കാൾ നമ്മെ സ്നേഹിച്ച ദൈവം, അപ്പനെക്കാൾ നമ്മോടു കരുണകാണിച്ച ആ ദൈവത്തെ നമുക്ക് മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ കഴിയുന്നുണ്ടോ? ദൈവസ്നേഹം അനുഭവിക്കുന്നവർ ആ സ്നേഹം മറ്റുള്ളവർക്ക് കാട്ടികൊടുക്കുമെങ്കിൽ സ്നേഹത്തിൽ നിലനിൽക്കുന്ന ഒരു സമൂഹം ലോകത്ത് നമുക്ക് പടുത്തുയർത്താൻ കഴിയും.അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

# തുടച്ചുനീക്കപെട്ട സോദോം നഗരം കണ്ടെത്തിയതായി ഗവേഷകർ



അമ്മാൻ : ദുരന്ത ഭൂമിയായി മാറിയ പുരാതന സോദോം നഗരം കണ്ടെത്തിയെന്ന് പുരാവസ്തു ഗവേഷകൻ. ട്രിനിറ്റി സൌത്ത് വെസ്റ്റ് യൂണിവേഴ്സിറ്റിയിലെ ആർക്കിയോളജി കോളേജ് ഡീൻ സ്റ്റീവൻ കോളിൻസാണ് ഇത് അവകാശപ്പെടുന്നത്. യോർദ്ദാനിലെ ഒരു സ്ഥലത്ത് വെങ്കല യുഗത്തിന്റെ മധ്യത്തിൽ സംഘം മൺപാത്രങ്ങൾ കണ്ടെത്തി. അത് ഫ്ളാഷ് ഹീറ്റ് കൊണ്ട് ഉരുകിതായി കാണപ്പെട്ടു. ജോർദാനിലെ ടെൽ എൽഹമാം, സോദോമിന്റെ നാശത്തിന്റെ ബൈബിളുമായി പൊരുത്തപ്പെടുന്ന കടുത്ത ചൂടിന്റെ അടയാളങ്ങളും നാശത്തിന്റെ പാളിയും ഈ പുരാതന നഗരത്തിന്റെ സ്ഥലമാണെന്ന് ഗവേഷകർക്ക് ഉറപ്പുണ്ട്. ജോർദാനിലെ ടെൽ എൽഹമാമിന് സോദോമിലേക്ക് വിരൽ ചൂണ്ടുന്ന ഒന്നിലധികം സവിശേഷതകൾ ഉണ്ടെന്ന് താനും തന്റെ സംഘവും വിശ്വസിക്കാൻ കാരണമുണ്ടെന്ന് ട്രിനിറ്റി സൗത്ത്‌വെസ്റ്റ് യൂണിവേഴ്സിറ്റിയിലെ പുരാവസ്തു വകുപ്പിന്റെ ഡീൻ സ്റ്റീഫൻ കോളിൻസ് പറയുന്നു, തീവ്രമായ ചൂടിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന വെങ്കലയുഗത്തിലെ ചിതറിക്കിടക്കുന്ന പുരാവസ്തുക്കൾ ഈ സൈറ്റിലുണ്ട്.

ഏകദേശം 4,000 വർഷങ്ങൾക്ക് മുമ്പ്, ഒരു ഉൽക്കാപതനത്തിന്റെ ഫലമായി, ഈ സൈറ്റിന് വിനാശകരമായ നാശം സംഭവിച്ചതായി സൈറ്റിന്റെ മുൻ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ സംഭവത്തിന്റെ ആധികാരികത ഇതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിലും, പഠനത്തിൽ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. തീവ്രമായി കത്തിയെരിഞ്ഞതായും, ഉരുകിയ പുരാവസ്തുക്കളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഈ പ്രദേശം നാശത്തിന് വിധേയമായതായി അനുമാനിക്കപ്പെടുന്നു. സോദോമാണെന്ന് അനുമാനിക്കാൻ കഴിയുന്ന 25 ഭൂമിശാസ്ത്രപരമായ പരാമർശങ്ങളെങ്കിലും തിരുവെഴുത്തുകളിൽ ഉണ്ടെന്ന് കോളിൻസ് അവകാശപ്പെടുന്നു.

# നൈജീരിയയിൽ 37 ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തി

അബൂജ: ആഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ ക്രൈസ്തവരെ തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തി വീണ്ടും ഇസ്ലാമിക ഭീകരത. പ്ലേറ്റോ സംസ്ഥാനത്തെ യെൽവാൻ സൻഗം പ്രവിശ്യയിൽ ചൊവ്വാഴ്ച രാത്രി 37 ക്രൈസ്തവരെയാണ് ഇസ്ലാമിക ഭീകരർ കൊലപ്പെടുത്തിയത്.

പ്രദേശവാസികളായ ക്രൈസ്തവരെ ഇസ്ലാമിക ഗ്രൂപ്പായ ഫുലാനി ഭീകരരാണ് കൂട്ടക്കൊല ചെയ്തതെന്ന് ക്രൈസ്തവ പീഡനങ്ങൾ നിരീക്ഷിക്കുന്ന സന്നദ്ധ സംഘടന 'ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേൺ റിപ്പോർട്ട് ചെയ്തു. വീടുകൾ തോറും കയറിയിറങ്ങിയ ഭീകരർ ക്രൈസ്തവരെ കൊന്നൊടുക്കുകയായിരുന്നു.
ഇവിടേക്കുള്ള പാലം നശിപ്പിച്ചതിനാൽ ആദ്യഘട്ടത്തിൽ സുരക്ഷാ സേനയ്ക്ക് എത്താൻ കഴിഞ്ഞില്ലെന്നു സൈനിക വക്താവ് വാർത്താ ഏജൻസി പറഞ്ഞു. സുരക്ഷാസേന 10 പ്രതികളെ പിടികൂടി. പ്രദേശത്ത് 24 മണിക്കൂർ കർഫ്യൂ പ്രഖ്യാപിച്ചിട്ടുണ്ട്.

ലോകത്ത് ഏറ്റവുമധികം ക്രൈസ്തവർ കൊല്ലപ്പെടുന്ന രാജ്യമാണ് നൈജീരിയ. ഇസ്ലാമിക് സ്റ്റേറ്റ്, ബൊക്കോ ഹറാം, ഫുലാനി ഹെർഡ്സ്മാൻ എന്നീ തീവ്രവാദി ഗ്രൂപ്പുകളാണ് രാജ്യത്തെ ക്രൈസ്തവരെ കൊന്നൊടുക്കുന്നത്. 2021 മെയ് ഒന്നു മുതൽ ജൂലൈ 18 വരെയുള്ള 80 ദിവസങ്ങൾക്കുള്ളിൽ 1992 ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടതായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

രാജ്യത്തു നടക്കുന്ന ക്രൈസ്തവ നരഹത്യയ്ക്കെതിരെ ലോകരാജ്യങ്ങൾ ഉണരണമെന്ന് നിരവധി തവണ നൈജീരിയൻ മെത്രാൻമാർ ആവശ്യപ്പെട്ടെങ്കിലും അന്താരാഷ്ട്ര തലത്തിൽ ഇത് ചർച്ച ആകുന്നില്ല.


CHRISTIANLIVE
CHRISTIAN LIVE.IN
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
MEDIA PRODUCTION
LIVE STREAMING
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK